LIBRARY ARCHIVES Kerala Legislative Assembly

**കിഴക്കഞ്ചേരിയിലെ ഭൂമി വിണ്ടുകീറൽ**

35(5419) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആലത്തൂർ നിയോജക മണ്ഡലത്തിലെ കിഴക്കഞ്ചേരി പഞ്ചായത്തിലെ ഉപ്പുമണ്ണ് എന്ന സ്ഥലത്ത് പ്രളയക്കെടുതികൾ മൂലമുണ്ടായ ഭൂമി വിണ്ടുകീറൽ ഉൾപ്പെടെയുള്ള പ്രകൃതി ദുരന്തങ്ങൾ പഠിക്കാൻ വിദഗ്ധ സംഘത്തെ നിയമിച്ചിരുന്നോയെന്ന് വ്യക്തമാക്കാമോ;

(ബി) എങ്കിൽ പഠന സംഘത്തിന്റെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോയെന്ന് വെളിപ്പെടുത്താമോ; പ്രസ്തുത പഠന റിപ്പോർട്ട് ലഭ്യമാക്കാമോ;

(സി) പ്രസ്തുത റിപ്പോർട്ടിന്മേൽ സ്വീകരിക്കാൻ പോകുന്ന തുടർനടപടികളെന്തെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ചുനൽകുന്നതാണ്.

**തീരദേശ പരിപാലന നിയമലംഘനത്തിന്റെ പ്രത്യാഘാതങ്ങൾ**

36(5420) ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) തീരദേശ സംരക്ഷണ നിയമം ലംഘിച്ച് സംസ്ഥാനത്ത് നിർമ്മിച്ച കെട്ടിടങ്ങളുടെ സ്ഥിതി വിവര റിപ്പോർട്ട് സമർപ്പിക്കുവാൻ സുപ്രീംകോടതി ആവശ്യപ്പെട്ടിട്ടുണ്ടോ; പ്രസ്തുത നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) മരടിലെ അഞ്ച് വിവാദ ഫ്ലാറ്റ് സമുച്ചയങ്ങൾ പൊളിച്ച് മാറ്റുവാനുള്ള സുപ്രീംകോടതി നിർദ്ദേശത്തെത്തുടർന്ന് തീരസംരക്ഷണ നിയമം ലംഘിച്ച് നിർമ്മിച്ച കെട്ടിടങ്ങൾ പൊളിക്കേണ്ട സാഹചര്യമുണ്ടായിട്ടുണ്ടോ; അറിയിക്കാമോ;

(സി) 2018, 2019 വർഷങ്ങളിലെ പ്രളയവും മരടിലെ സുപ്രീംകോടതി വിധി മൂലമുള്ള പ്രതിസന്ധിയും നദീതീര പാർപ്പിടങ്ങളോടുള്ള ജനങ്ങളുടെ പ്രിയത്തിന് അറുതി വരുത്തിയതായി കണ്ടെത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ഡി) മരട് ഫ്ലാറ്റ് സംബന്ധിച്ച സുപ്രീം കോടതി വിധി, കേരളൈറ്റ് ഇൻവെസ്റ്റ്മെന്റ് ആന്റ് ഹോൾഡിംഗ് ലിമിറ്റഡ് എന്ന കമ്പനി രൂപീകരിച്ച് പ്രവാസി നിക്ഷേപം സംസ്ഥാനത്ത് സമാഹരിക്കുന്നതിനുള്ള സർക്കാർ നീക്കത്തിന് തിരിച്ചടിയായിട്ടുണ്ടോ; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ MA 1808-1809/2019 in C.A.No.4784-4785/2019 കേസിലെ 23-9-2019-ലെ ഉത്തരവിൻ പ്രകാരം തീരദേശ പരിപാലന നിയമം ലംഘിച്ച് സംസ്ഥാനത്ത് നിർമ്മാണം പൂർത്തിയാക്കിയ കെട്ടിടങ്ങൾ സംബന്ധിച്ച വിവരങ്ങൾ ശേഖരിക്കാനായി 16-10-2019-ലെ G.O.(Rt) No.98/2017/Envt. പ്രകാരവും 17-10-2019-ലെ G.O.(Rt) No.101/2019/Envt. പ്രകാരവും ജില്ലാ കളക്ടർ ചെയർമാനായും ജില്ലാ നഗരാസൂത്രക കൺവീനറായും ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ സെക്രട്ടറി ബന്ധപ്പെട്ട തീരദേശ വില്ലേജിലെ വില്ലേജ് ഓഫീസർ, ജില്ലാ കളക്ടർ നാമനിർദ്ദേശം ചെയ്യുന്ന ഒരംഗം എന്നിവർ അംഗങ്ങളായും 10 തീരദേശ ജില്ലകളിൽ (തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, കോട്ടയം, എറണാകുളം, തൃശ്ശൂർ, മലപ്പുറം, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ്) തീരദേശ ജില്ലാ കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. ടി കമ്മിറ്റി അന്തിമ റിപ്പോർട്ട് സമർപ്പിക്കുന്ന മുറയ്ക്ക് മാത്രമേ സംസ്ഥാനത്ത് തീരദേശപരിപാലന നിയമം ലംഘിച്ച് നടത്തിയ നിർമ്മാണ പ്രവത്തനങ്ങളെക്കുറിച്ചുള്ള വിവരം ലഭ്യമാവുകയുള്ളൂ. റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് ആയത് പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്.

(സി) സംസ്ഥാനത്ത് തീരദേശ പരിപാലന നിയമം ശക്തമായി നടപ്പിലാക്കേണ്ടതിന്റെ ആവശ്യകത സംബന്ധിച്ച് പൊതുജനങ്ങൾക്ക് ബോധ്യമുണ്ടായിട്ടുണ്ട്.

(ഡി) ഇല്ല. പ്രവാസി മലയാളികളിൽനിന്നും 74% ഓഹരി മൂലധന നിക്ഷേപം സമാഹരിച്ചുകൊണ്ടും 26% ഓഹരി മൂലധനം സർക്കാർ നിക്ഷേപിച്ചുകൊണ്ടും ഓവർസീസ് കേരളൈറ്റ്സ് ഇൻവെസ്റ്റ്മെന്റ് ആന്റ് ഹോൾഡിംഗ് ലിമിറ്റഡ് എന്ന നിക്ഷേപ കമ്പനി രൂപീകരിച്ചിട്ടുണ്ട്. കമ്പിനിയുടെ തുടർ പ്രവർത്തനങ്ങളുടെ ഭാഗമായി സംസ്ഥാനത്ത് പ്രവാസി നിക്ഷേപം കൊണ്ടുവരുന്നതിന് 2019 ഒക്ടോബറിൽ ദുബായിൽ വച്ച് എൻ.ആർ.കെ. എമർജിംഗ് എന്റർപ്രണേഴ്സ് മീറ്റ് (NEEM) സംഘടിപ്പിച്ചിരുന്നു. ഈ സംഗമത്തിൽ വിവിധ മേഖലകളിൽ നിക്ഷേപം നടത്തുവാൻ താൽപ്പര്യമുള്ളവരുമായി നേരിട്ട് നടത്തിയ ചർച്ചകളിലുണ്ടായിട്ടുള്ള നിക്ഷേപ വാഗ്ദാനങ്ങൾ പൂർത്തിയാക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിച്ചു വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly